പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – **1364** **14. 06. 2013-** ലെ മറുപടി

<u>തൊഴിൽ നഷ്ടപ്പെടുന്ന മലയാളികൾ</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| <u>ശ്രീ. റ്റി. വി. രാജേഷ്</u> | <u>ശ്രീ. കെ. സി. ജോസഫ്</u><br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പ് മന്ത്രി)* |
| (എ) സ്വദേശിവത്കരണം കർശനമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഗൾഫ് നാടുകളിൽ നിന്ന് ജോലി നഷ്ടപ്പെടുന്ന മലയാളികൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കാമോ; | (എ) ഗൾഫ് രാജ്യങ്ങളിലെ സ്വദേശിവത്കരണ നടപടികൾ ശ്രദ്ധയിൽപ്പെട്ട ഉടൻതന്നെ ഈ വിഷയത്തിൽ നയതന്ത്രതലത്തിൽ ചർച്ചകൾ നടത്തി പ്രവാസി ഇന്ത്യക്കാർക്ക് തൊഴിലവസരങ്ങൾ നഷ്ടപ്പെടാതിരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ശക്തമായി ആവശ്യപ്പെടുകയുണ്ടായി. ബഹു. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ മന്ത്രിതല സംഘം ബഹു. പ്രധാനമന്ത്രി, ബഹു. വിദേശകാര്യമന്ത്രി, ബഹു. പ്രതിരോധ മന്ത്രി, ബഹു. പ്രവാസികാര്യമന്ത്രി, ബഹു. വിദേശകാര്യ സഹമന്ത്രി എന്നിവരുമായി ചർച്ച നടത്തുകയും കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ഇടപെടലുകളെ തുടർന്ന് ഇന്ത്യയുടെ ആശങ്കകൾ പരിഹരിക്കാൻ സൌദി ഗവൺമെന്റ് തയ്യാറാകുകയുമുണ്ടായി. വിദേശരാജ്യങ്ങളിൽ നിന്ന് തിരികെയെത്തുന്നവർക്കായി ഒരു സമഗ്ര പുനരധിവാസ പദ്ധതി രൂപീകരിക്കുന്നതിന് നോർക്ക വകുപ്പ് മന്ത്രി ചെയർമാനായി ഒരു മന്ത്രിസഭാ ഉപസമിതിയ്ക്ക് രൂപം നൽകിയിട്ടുണ്ട്. പദ്ധതി രൂപരേഖ തയ്യാറായി വരുന്നു. |
| (ബി)ജോലി നഷ്ടപ്പെട്ട് ഇതുവരെ എത്രപേർ സംസ്ഥാനത്ത് തിരിച്ച് വന്നിട്ടുണ്ട് എന്ന് അറിയിക്കുമോ; | (ബി) കൃത്യമായ കണക്ക് ലഭ്യമല്ല. എന്നാൽ നോർക്ക – റൂട്ട്സ് ഏർപ്പെടുത്തിയ ഹെൽപ് ഡെസ്കുകളിലൂടെയും ഓൺലൈൻ സംവിധാനത്തിലൂടെയും ഏകദേശം 6000ത്തോളംപേർ തിരികെ വന്നതായി രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (സി)ഇവരെ സഹായിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്നതിന്റെ വിശദാംശം നൽകുമോ? | (സി) തിരികെയെത്തിയ പ്രവാസികളെ സഹായിക്കാനായി ഒരു സമഗ്ര പുനരധിവാസ പദ്ധതി രൂപീകരിക്കുന്നതിനായി നോർക്ക മന്ത്രി ചെയർമാനായി ഒരു മന്ത്രിസഭാ ഉപസമിതി രൂപീകരിച്ചിട്ടുണ്ട്. പദ്ധതി രൂപരേഖ തയ്യാറായിവരുന്നു. |

സെക്ഷൻ ഓഫീസർ